(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) മീഡിയ സിറ്റി ആരംഭിക്കുവാൻ ഉദ്ദേശിക്കുകയാണ്. ഇതു സംബന്ധമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചിരിക്കുകയാണ്.

(ബി) ദുബായ് മീഡിയ സിറ്റി മാതൃകയിൽ ഒരു മീഡിയ സിറ്റി സംസ്ഥാനത്ത് തുടങ്ങുകയാണ് പ്രധാന ഉദ്ദേശം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി പ്രധാന പ്രവർത്തന ഘടകങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ, കൺസൾട്ടൻസി സേവന വിനിയോഗം, ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കൽ, തുടർ ചെലവുകൾ, വരുമാന മാർഗ്ഗങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നീ കാര്യങ്ങളിൽ പഠനം നടത്തി രൂപരേഖ തയ്യാറാക്കാനുമാണ് വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയിട്ടുള്ളത്. പഠന റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ ഇക്കാര്യത്തിൽ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളു.

(സി) സമിതി റിപ്പോർട്ടിനുശേഷമേ തീരുമാനമാവുകയുള്ളു.

(ഡി) വിദഗ്ദ്ധ സമിതിയുടെ യോഗം ചേരുകയും തുടർ നടപടികൾക്ക് വേണ്ട നിർദ്ദേശം ചർച്ചചെയ്ത് ദുബായ് മീഡിയ സിറ്റിയുടെ പ്രവർത്തനം പഠിച്ചശേഷം വേണം മീഡിയ സിറ്റിയിൽ ഉൾക്കൊള്ളിക്കേണ്ട ഘടകങ്ങൾ എന്തൊക്കെയാണെന്ന് നിശ്ചയിക്കേണ്ടത് എന്നാണ് തീരുമാനിച്ചിരിക്കുന്നത്.

പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ

12 (*702) ശ്രീ. ബി. സത്യൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മറ്റ് സംസ്ഥാനങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഗ്രാമീണറോഡുകളുടെ വികസന പദ്ധതികൾ പുരോഗമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജനപ്രകാരം സംസ്ഥാനത്ത് ആദ്യഘട്ട നിർമ്മാർണപ്രവൃത്തികൾ ഏതുവരെയായി എന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ അനുമതി ലഭിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ പദ്ധതി റിപ്പോർട്ടുകളും പ്ലാനുകളും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾക്കുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.

റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. നിർമ്മാണത്തിന് ആവശ്യമായ ഭൂമി ജനങ്ങളിൽനിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കുമെന്ന ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ ഉറപ്പിൻ മേലാണ് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും ഭൂമിയുടെ ഉയർന്ന വിലയും കാരണം പലപ്പോഴും ആവശ്യമായ ഭൂമി പ്രവൃത്തി തുടങ്ങുമ്പോൾ ലഭിക്കാറില്ല.

നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട റോഡുകളിലെ യൂട്ടിലിറ്റികൾ ബന്ധപ്പെട്ട വകുപ്പ്/ഏജൻസികൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കാത്തതിനാൽ പല റോഡുകളുടെയും നിർമ്മാണം യഥാസമയം മുന്നോട്ടുകൊണ്ടുപോകുന്നതിനും കരാർ പ്രകാരമുള്ള കാലാവധിയിൽ പണി പൂർത്തിയാക്കുന്നതിനും തടസ്സം നേരിടാറുണ്ട്. പാരിസ്ഥിതിക കാരണങ്ങളാൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ മണ്ണ്, മെറ്റൽ എന്നിവയുടെ ലഭ്യതക്കുറവ് ഇവ കൊണ്ടു പോകുന്നതിനുള്ള നിയന്ത്രണം എന്നിവ മൂലവും ഈ പ്രദേശങ്ങളിൽ ഇവയ്ക്ക് നൽകേണ്ടിവരുന്ന ഉയർന്ന വിലയും ഏറ്റെടുത്ത പല പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഇതേ കാരണം കൊണ്ടുതന്നെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ തട്ടുകളിലെ ഉയർന്ന ഗുണനിലവാര പരിശോധന കരാറുകാരെ പദ്ധതിയിലേക്ക് ആകർഷിക്കുന്നില്ല.

(ബി) പി.എം.ജി.എസ്.വൈ ആദ്യഘട്ട പദ്ധതി പ്രകാരം ആകെ 1430 റോഡുകൾക്ക് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 848 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 223 റോഡുകളാണ് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നത്. വിവിധ കാരണങ്ങളാൽ വിവിധ ഘട്ടങ്ങളിലായുള്ള 68 റോഡുകൾ മുടങ്ങിക്കിടക്കുന്നത് പുനരുദ്ധരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവയുൾപ്പെടെ 357 റോഡുകൾക്ക് കരാർ ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. കരാർ ഉറപ്പിച്ച് വിവിധ ഘട്ടങ്ങളിലായി ഇപ്പോൾ പുരോഗമിക്കുന്ന റോഡുകൾ 2015 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്നതാണ്.

(സി&ഡി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (PMGSY II) ഇപ്പോൾ ഒരു റോഡിനും അനുമതി ലഭിച്ചിട്ടില്ല. എന്നാൽ പി.എം.ജി.എസ്.വൈ.യുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 570 കി.മീ. ദൈർഘ്യം വരുന്ന റോഡുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽനിന്നും നേടിയിട്ടുണ്ട്. 75:25 (75 കേന്ദ്രം 25 സംസ്ഥാനം) പിന്നോക്ക ജില്ലകൾക്ക് 90:10 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം പാക്കേജുകൾ തയ്യാറാക്കുന്നതിനുള്ള നടപടിയുടെ മുന്നോടിയായി ജി.ഐ.എസ്. പ്ലാറ്റ്ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കുന്ന നടപടി ജില്ലകളിൽ പുരോഗമിക്കുകയാണ്. ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കി കേന്ദ്ര സർക്കാർ അവയ്ക്ക് അംഗീകാരം നൽകിയശേഷമാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്. പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ പ്ലാനുകളും റിപ്പോർട്ടുകളും കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കേന്ദ്രത്തിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ബാലാവകാശ കമ്മീഷൻ പ്രവർത്തനം

13 (*703) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബാലവേലകളിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിന് കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെ 17(1) വകുപ്പ് പ്രകാരമാണ് സർക്കാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഒരു ചെയർപേഴ്സണും 6 അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് (സി.പി.സി.ആർ. ആക്ട്) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009 (റൈറ്റ് ഓഫ് ചിൽഡ്രൻ ടു ഫ്രീ ആന്റ് കമ്പൽസറി എഡ്യൂക്കേഷൻ ആക്ട്) കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട്-പോക്സോ ആക്ട്) എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly